**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3707** **12-03-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എത്ര മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും കുറവുണ്ടെന്നതിന്റെ വിശദാംശം നൽകാമോ; | (എ) | മോട്ടോർ വാഹന വകുപ്പിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിവിധ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 191 തസ്തികകളും എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 98 തസ്തികകളും ഉൾപ്പെടെ ആകെ അംഗീകൃത സംഖ്യാബലം 290 ആണ്. അതിൽ മൂന്നുപേർ അടിസ്ഥാന പരിശീലനത്തിൽ പങ്കെടുത്തു വരികയാണ്. പ്രസ്തുത തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.<br><br>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിവിധ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 359 തസ്തികകളും എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 255 തസ്തികകളും ഉൾപ്പെടെ പ്രസ്തുത തസ്തികയിലെ അംഗീകൃത സംഖ്യാബലം 614 ആണ്. അതിൽ 77 പേർ അടിസ്ഥാന പരിശീലനത്തിൽ പങ്കെടുത്തു കൊണ്ടിരിക്കുകയാണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 23 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിലേക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സാഹചര്യം ചൂണ്ടിക്കാട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കാരിന് സമർപ്പിച്ച | (ബി) | മോട്ടോർ വാഹന വകുപ്പിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിവിധ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 191 തസ്തികകളും |

| | | | |
|---|---|---|---|
| | പ്രൊപ്പോസലിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നതിന്റെ വിശദ വിവരം ലഭ്യമാക്കാമോ? | | എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 98 തസ്തികകളും ഉൾപ്പെടെ ആകെ അംഗീകൃത സംഖ്യാബലം 290 ആണ്. അതിൽ മൂന്നുപേർ അടിസ്ഥാന പരിശീലനത്തിൽ പങ്കെടുത്തു വരികയാണ്. പ്രസ്തുത തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.<br><br>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിവിധ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 359 തസ്തികകളും എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 255 തസ്തികകളും ഉൾപ്പെടെ പ്രസ്തുത തസ്തികയിലെ അംഗീകൃത സംഖ്യാബലം 614 ആണ്. അതിൽ 77 പേർ അടിസ്ഥാന പരിശീലനത്തിൽ പങ്കെടുത്തു കൊണ്ടിരിക്കുകയാണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 23 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിലേക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ